# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2742 — 09.03.2017-ൽ മറുപടിയ്ക്ക്

### സഞ്ചരിക്കുന്ന ചിത്രശാല

**ചോദ്യം**

ശ്രീ.വി.പി.സജീന്ദ്രൻ

**ഉത്തരം**

ശ്രീ.എ.കെ.ബാലൻ
(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)

(എ) കേരള ലളിതകലാ അക്കാദമി ചിത്ര-ശില്പകലകളെ ജനകീയമാക്കുന്നതിനും ആർട്ട് ഗ്യാലറികൾ ഇല്ലാത്ത സ്ഥലങ്ങളിൽ കലാ പ്രദർശനം സംഘടിപ്പിക്കുന്നതിനുമായി, 2016 ജനുവരിയിൽ ആരംഭിച്ച ഇന്ത്യയിലെ ആദ്യത്തെ സഞ്ചരിക്കുന്ന ചിത്രശാല ഇതുവരെ എവിടെയൊക്കെ പ്രദർശനം സംഘടിപ്പിച്ചു;

(എ) കേരള ലളിതകലാ അക്കാദമിയുടെ സംരംഭമായ സഞ്ചരിക്കുന്ന ചിത്രശാല ഇതുവരെ താഴെ ചേർത്തിരിക്കുന്ന സ്ഥലങ്ങളിൽ പ്രദർശനം സംഘടിപ്പിച്ചിട്ടുണ്ട്.

1. വൈക്കം ബോട്ട് ജെട്ടി
2. കൊടകര വിദ്യാനികേതൻ സ്കൂൾ
3. മലപ്പുറം മലയാള സർവ്വകലാശാല
4. കണ്ണൂർ സർവ്വകലാശാല
5. വാസായ് (മഹാരാഷ്ട്ര) പൈതൃകോത്സവം
6. കോട്ടയം സി.എം.എസ്.കോളേജ്
7. പൊന്നാനി എം.വി.ഹൈസ്കൂൾ
8. കിളിമാനൂർ രാജാരവിവർമ്മ സ്മാരക മന്ദിരം
9. മൂന്നാർ ഫ്ലവർഷോ
10. പെരുമ്പാവൂർ നാഗഞ്ചേരി മന
11. കോഴിക്കോട് സർവ്വകലാശാല കാമ്പസ്
12. പാലക്കാട് ഇന്ദിരാഗാന്ധി സ്റ്റേഡിയം
13. ഇടപ്പള്ളി രാഘവൻ സാംസ്കാരിക കേന്ദ്രം
14. കട്ടങ്ങല്ലൂർ രാജശ്രീ എസ്.എം.എം. സീനിയർ ഹയർ സെക്കന്ററി സ്കൂൾ
15. തലയോലപറമ്പ് ദേവസ്വം ബോർഡ് കോളേജ്
16. രാജഗിരി ഹയർസെക്കന്ററി സ്കൂൾ എറണാകുളം.
17. പട്ടാമ്പി സംസ്കൃത കോളേജ്
18. വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്ത്
19. തിരുവനന്തപുരം മുനിസിപ്പൽ ഗ്രൗണ്ട്
20. തിരുവനന്തപുരം കോർപ്പറേഷൻ
21. ഹൈദരാബാദ് പൈതൃകോത്സവം

| | | | |
|---|---|---|---|
| (ബി) | സഞ്ചരിക്കുന്ന ചിത്രശാല ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോ ; | (ബി) | പ്രവർത്തിക്കുന്നുണ്ട്. |
| (സി) | സഞ്ചരിക്കുന്ന ചിത്രശാലയുടെ പ്രദർശനം ഗ്രാമപ്രദേശങ്ങളിലേക്ക് വ്യാപിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; | (സി) | പരിഗണിയ്ക്കുന്നതാണ്. |
| (ഡി) | ഇതുവരെ എത്ര ആളുകൾ സഞ്ചരിക്കുന്ന ചിത്രശാലയിലെ പ്രദർശനം ആസ്വദിച്ചു എന്ന് വ്യക്തമാക്കുമോ; | (ഡി) | സഞ്ചരിക്കുന്ന ചിത്രശാല ആരംഭിച്ച നാൾ മുതൽ നിരവധി ആളുകളാണ് പ്രദർശനം കണ്ടിട്ടുള്ളത്. ഇതിന് കൃത്യമായ ഒരു കണക്ക് നൽകാൻ സാധിക്കുകയില്ലെങ്കിലും ചുരുങ്ങിയത് ഒരു ലക്ഷത്തിൽപരം ആളുകളെങ്കിലും പ്രദർശനം ആസ്വദിച്ചിട്ടുണ്ടാവുമെന്ന് ലളിതകലാ അക്കാദമി വിലയിരുത്തിയിട്ടുണ്ട്. |
| (ഇ) | സഞ്ചരിക്കുന്ന ചിത്രശാലക്ക് എത്ര തുക ചെലവഴിച്ചു? | (ഇ) | സഞ്ചരിക്കുന്ന ചിത്രശാലയുടെ എഞ്ചിനടക്കം സജ്ജീകരണത്തിനായി 36,80,395/-രൂപയും തുടർന്ന് പരിപാടികൾക്കായി അനുബന്ധ ചെലവുകളടക്കം 20,91,489/-രൂപയും ചെലവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ